LIBRARY ARCHIVES Kerala Legislative Assembly

ഗഹാൻ സമ്പ്രദായം കൊണ്ടുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി

76 [2297] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ കൊടുക്കുന്നതിനു നടപ്പാക്കിയ 'ഗഹാൻ' സമ്പ്രദായം വായ്പാ വിതരണത്തിൽ വളരെയധികം കാലതാമസം വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഷെഡ്യൂൾഡ് ബാങ്കുകളും മറ്റും ആവശ്യമായ രേഖകൾ സമർപ്പിച്ചാലുടൻ വായ്പ അനുവദിക്കുമ്പോൾ സഹകരണ ബാങ്കുകൾ 'ഗഹാൻ' സമ്പ്രദായത്തിൽ പരിശോധനകൾക്കും മറ്റുമായി ഒരു മാസത്തെ നോട്ടീസ് നടത്തിയ ശേഷം വായ്പ കൊടുക്കുന്ന രീതി, പരിഷ്കരിച്ച് കാലതാമസം ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) 'ഗഹാൻ' സംബന്ധമായ മുഴുവൻ രേഖകളും മലയാളത്തിൽ വേണമെന്ന കർശനമായ നിർദ്ദേശം സർക്കാർ നൽകുമോ?

ഉത്തരം

(എ) അപ്രകാരം കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അപ്രകാരം ഒരു മാസത്തെ നോട്ടീസ് നടത്തിയ ശേഷമേ വായ്പ നൽകാവൂ എന്ന് നിലവിൽ വ്യവസ്ഥയില്ല.

(സി) വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങൾക്ക് നബാർഡിൽ നിന്നും വായ്പ

77 [2298] ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. സി. ജോസഫ്:
" വർക്കല കഹാർ:
" എം. എ. ചന്ദ്രശേഖരൻ:
" പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങൾക്ക് 400 കോടി രൂപ വായ്പ നൽകുവാൻ നബാർഡ് മുന്നോട്ട് വന്നിട്ടുണ്ടോ;